**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1482** **12-02-2025 - ൽ മറുപടിയ്ക്ക്**

**കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിയ്ക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് ഭവന പദ്ധതിയിലും പ്രധാനമന്ത്രി ആവാസ് യോജനയടക്കമുള്ള ഭവനപദ്ധതികളിലും ഉൾപ്പെട്ടിട്ടുള്ള പുനലൂർ താലൂക്കിലെ ആര്യങ്കാവ് വില്ലേജിലെ ഇരുളൻകാട്, രാജാച്ചോല, വെഞ്ചർ, ഒൻപതേക്കർ, പത്തേക്കർ, നാൽപ്പത്തേഴുമല, കോട്ടവാസൽ, അച്ചൻകോവിൽ, കുട്ടത്തിമണ്ണിൽ പ്രദേശങ്ങളിൽ താമസിയ്ക്കുന്ന കുടുംബങ്ങൾക്ക് വില്ലേജിൽ നിന്നും കൈവശ സർട്ടിഫിക്കറ്റ് ലഭിയ്ക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിയ്ക്കുന്നതിന് എന്ത് നടപടി സ്വീകരിയ്ക്കാനാകുമെന്ന് വിശദമാക്കാമോ; | (എ) | ആര്യങ്കാവ് വില്ലേജിലെ തണ്ടപ്പേരവകാശവും കരം ഒടുക്കുമുള്ള എല്ലാ ഭൂമിക്കും കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകി വരുന്നുണ്ട്. കൂടാതെ ടി വില്ലേജിലെ രാജാച്ചോല, വെഞ്ചർ, ഒൻപതേക്കർ, പത്തേക്കർ, നാൽപ്പത്തേഴുമല, കോട്ടവാസൽ, അച്ചൻകോവിൽ, കുട്ടത്തിമണ്ണിൽ പ്രദേശങ്ങളിൽ 1991-ലെ വനം - റവന്യൂ സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂമിക്ക് പഞ്ചായത്തുകളിൽ നിന്ന് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വേണ്ടി " കരം ഒടുക്കും തണ്ടപ്പേരവകാശവും ഇല്ലാത്ത ഭൂമി " എന്ന് രേഖപ്പെടുത്തി കൈവശ സർട്ടിഫിക്കറ്റ് അനുവദിച്ച് വരുന്നുണ്ട്. |
| (ബി) | വന മേഖലയോടു ചേർന്ന് കിടക്കുന്ന പ്രസ്തുത പ്രദേശങ്ങളിൽ അൻപതു വർഷത്തിലധികമായി കൈവശത്തിലിരിക്കുന്ന ഭൂമിയ്ക്കു വിവിധ സർക്കാർ പദ്ധതിപ്രകാരം ലഭിയ്ക്കുന്ന വീട് നിർമ്മിയ്ക്കുന്നതിനായി ഭൂമിയുടെ കൈവശ സർട്ടിഫിക്കറ്റ് അനുവദിയ്ക്കാനാകുമോ; വിശദമാക്കാമോ; ഇവർക്കായി പ്രത്യേക അനുമതി ആവശ്യമെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിയ്ക്കുമോ; | (ബി) | ആര്യങ്കാവ് വില്ലേജിലെ തണ്ടപ്പേരവകാശവും കരം ഒടുക്കുമുള്ള എല്ലാ ഭൂമിക്കും കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകി വരുന്നുണ്ട്. കൂടാതെ ടി വില്ലേജിലെ രാജാച്ചോല, വെഞ്ചർ, ഒൻപതേക്കർ, പത്തേക്കർ, നാൽപ്പത്തേഴുമല, കോട്ടവാസൽ, അച്ചൻകോവിൽ, കുട്ടത്തിമണ്ണിൽ പ്രദേശങ്ങളിൽ 1991-ലെ വനം - റവന്യൂ സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ട ഭൂമിക്ക് പഞ്ചായത്തുകളിൽ നിന്ന് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വേണ്ടി " കരം ഒടുക്കും തണ്ടപ്പേരവകാശവും ഇല്ലാത്ത ഭൂമി " എന്ന് രേഖപ്പെടുത്തി കൈവശ സർട്ടിഫിക്കറ്റ് അനുവദിച്ച് വരുന്നുണ്ട്. |
| (സി) | പ്രസ്തുത പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങളിൽ നിന്നും പട്ടയത്തിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ? | (സി) | കൈവശ വനഭൂമി പട്ടയത്തിന് ആര്യങ്കാവ് വില്ലേജിൽ നിന്ന് 1062 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും വിവരങ്ങൾ പരിവേഷ് പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതിനുള്ള നടപടി താലൂക്ക് തലത്തിൽ സ്വീകരിച്ച് വരുന്നതുമാണ് |

സെക്ഷൻ ഓഫീസർ